

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 12 No. 6 Newsletter June 2014



"Your word is a lamp to my feet
And a light to my path" (Psalms 119:105)

Congratulations

# Church News



ലോകബാങ്കിന്റെയും ജപ്പാൻ സർക്കാരിന്റെയും സംയുക്ത സഹായത്തോടെ യമൻ സർക്കാർ നടപ്പാക്കുന്ന ദേശീയ ബയോഗ്യാസ് പദ്ധതിയുടെ ഇന്റർനാഷണൽ കൺസൽട്ടന്റായി **ഡോ.എ. സജിദാസ്** തെരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരത്തെ ബയോടെക് റിന്യൂവെബിൾ എനർജിയുടെ മാനേജിംഗ് ഡയറക്ടറായ ഇദ്ദേഹം ഇന്റർനാഷണൽ ഗ്രീൻ ഓസ്കാർ അവാർഡ് ജേതാവാണ്. ബയോഗ്യാസ് പദ്ധതിയിലുള്ള 28 വർഷത്തെ പ്രവർത്തനപരിചയവും ബയോഗ്യാസ് പദ്ധതിക്ക് നൽകിയിട്ടുള്ള സംഭാവനകളും പരിഗണിച്ചാണ് കൺസൽട്ടന്റായി തെരഞ്ഞെടുത്തത്.



ഇക്കഴിഞ്ഞ സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എവൺ ഗ്രേഡ് നേടിയ ശാന്തിനികേതൻ സെൻട്രൽ സ്കൂളിലെ വിദ്യാർത്ഥിയായ **അജിൻദാസ്.** പിതാവ്: ഡോ. സജിദാസ്. മാതാവ്: ഐറിൻ



കോട്ടയത്ത് നടന്ന സണ്ടേസ്കൂൾ റീജിയനൽ കലാമേളയിൽ പെയിന്റിംഗിന് ഒന്നാം സ്ഥാനവും ബൈബിൾ സ്റ്റോറിയിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ **സാന്ദ്ര വി.എസ്.** പിതാവ്: വിനുകുമാർ. മാതാവ്: ബിന്ദു.

### 176-ാം സഭാദിനം :

176-ാം സഭാദിനം മേയ് 11-ാം തീയതി ഞായറാഴ്ച ആചരിച്ചു. അന്നേദിവസം രാവിലെ നടന്ന സംയുക്ത ആരാധനയിൽ കമ്മീഷണർ. യോഹന്നാൻ (സാൽവേഷൻ ആർമി) മുഖ്യാതിഥിയായിരുന്നു.

### സമ്മർ സ്കൂൾ ഓഫ് ചർച്ച് മ്യൂസിക്

ചർച്ച് ക്വയറിന്റെ ആഭിമുഖ്യത്തിൽ സമ്മർ സ്കൂൾ ഓഫ് ചർച്ച് മ്യൂസിക് സംഘടിപ്പിക്കുകയുണ്ടായി. അമ്പതോളം പേർ പങ്കെടുത്തു.



### പുതിയ സഭാ ശുശ്രൂഷകനും കുടുംബവും

റവ. ടി. സെൽവരാജൻ
ജെ.എസ് വത്സ സെലസ്റ്റ്യൻ (കൊച്ചമ്മ)

മക്കൾ: പോൾ എസ്.വി. ആനന്ദ്
കൃപ എസ്.വി. ഷിബി
വിൻസി ബിബി എസ്.വി.

# CHURCH VOICE

12th year of publication

**JUNE 2014**


**Chief Editor**
Rev. T. Selvarajan

**Editor**
R. Sajan Samson

**Sub-Editor**
Manoj Kumar Ebenezer

**Editorial Board**
Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**Circulation Manager**
Zaem Enock



**Address:**
The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :
churchvoice@gmail.com
before 15th of every month


Church Voice can be read online at our website
www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## From the Presbyter's desk



### Not Ashamed of the Gospel

Greetings to you in the matchless name of our Lord!

I am so much happy to write in Church Voice, the monthly news letter of MM Church.

As a family, we started our ministry in MM Church from 1st of May. We are expecting your sincere prayers for our ministry. I would like to share the good news from Romans 1:1-17.

Greek letters normally began by naming the sender, and then the recipients. But Paul is so focused on the gospel that, before he names the readers, he goes into a five-verse digression about the gospel. In effect, he puts his message at the top, before he even gets to the Dear so-and-so line. This makes it clear that his letter is about the gospel:

After this introductory description of the gospel, Paul gets back to the normal letter format by stating the recipients of the letter: "To all God's beloved in Rome, who are called to be saints: Grace to you and peace from God our Father and the Lord Jesus Christ" (verse 7). Paul does not greet "the Church of God that is at Rome." He does not speak of it as a unity. Nor does he write to any particular church leaders. Instead, perhaps because he is not sure how this letter will be delivered, he addresses it directly to the believers.

### A prayer of thanks

Greek letters often included a prayer of thanksgiving to one of the gods, and Paul adapts this custom, thanking the true God: "First, I thank my God through Jesus Christ for all of you, because your faith is proclaimed throughout the world" (verse 8). This tells us that Paul prayed through Christ, and it also tells us that "all the world" doesn't always mean the entire earth. In this case, it means the eastern Roman Empire. It was a figure of speech, not a geographical fact.

Paul's plan to visit Rome In verse 10, he adds something else: "asking that by God's will I may somehow at last succeed in coming to you." Paul is telling them that he hopes to visit them. This helps to create a relationship between the author and the recipients.

Paul has often thought of going to Rome. Even when Paul lived in Jerusalem, he would have met people from Rome and would have heard stories about it. And Paul has already gone as far as Greece why not go farther, to the capital of the Empire, where many Jews had already gone? But so far, circumstances prevented Paul from doing it.

Why did Paul want to come? He wanted a harvest, he wanted more people to accept the gospel of Christ. Although many Jews lived in Rome, Paul focused

on the Gentiles. They were his primary mission field, even if he went to the synagogues first. In the synagogues, Paul could find Gentiles who were prepared to receive the gospel.

## An obligation to preach

"I am a debtor both to Greeks and to barbarians, both to the wise and to the foolish hence my eagerness to proclaim the gospel to you also who are in Rome" (verses 14-15). Paul wanted to preach to everyone, and that's why he wanted to preach in Rome, as well.

"For I am not ashamed of the gospel," he says in verse 16. He has already used the word gospel twice and given a couple of descriptions of it. He has stressed that this is his calling in life, his duty before God. He is not ashamed of the gospel and he doesn't want the Romans to be ashamed of it, either. He describes it again in verse 16: "it is the power of God for salvation to everyone who has faith, to the Jew first and also to the Greek." The gospel is the way that God saves people.

As schools re-open during this month, Children, I would like to have a small sharing with you all. You may feel nervous or a little scared about going back to school because of all the new things that you will have to face. You will have new teachers, some new friends, and some of you may even be going to a new school. Trust in God and He will support you.

May God Bless all students in this academic year.

God bless all readers of Church Voice.

## Announcements

I request all the parents to send their children to participate in all the church activities especially Sunday school, CEYF, JCF and Church Choir. A special word of appreciation to the students, who have passed in their School, College, entrance and other examinations. I am praying for the students who are entering to the new courses.

There will be a memorial prayer of our former Bishop and Moderator Most Rev. Dr. I. Jesudasan at MM Church Cemetery Chapel on 16 th June 2014, 8.30 am. After the prayer there is a Lecture at KUT Seminary. Evening 3.30 the Diocese is laying the stone for the St.Luke's Church and 4.00 pm a thanks giving worship will be held at CSI Amaravila. All are welcome. We have celebrated the 176th Church day. I am so much thankful to all who have actively participated.

I am thankful to Rev.Dr.L.E.Sahanam and Kochamma, who served the Church during the past 5 years. I am privileged to work in this parish as his successor. Kindly take part in all the mission endeavours: especially our missions in Salem, Rajasthan. Kothalam, Manikanteswaram, Prasanth Nagar, Aubon.etc

**Rev. T. Selvarajan**
Presbyter-in-charge

## SECRETARY'S REPORT



Dearly beloved in the Lord,

Jesus said: "I came so that they have life and life in abundance" (John 10:10). Jesus gave His life as ransom for many so that they have life abundant and in its fullness. Therefore, the responsibility of a Christian committed to life encompasses the socio- economic-political and cultural arena as God encompasses everything. The motive and mission of our Church should be focussed towards the upliftment of the poor through our stewardship of giving. Our spiritual life should be expressed in giving to the needy around us, which is a demonstration of the love and concern of God towards the poor and the powerless. As a token expression of our giving, books and study materials worth Rs.1 lakh is distributed this month to the deserving children of our Church, City mission centres and children in poor congregations in our District and Diocese.

Educational institutions are reopening this month. Parents and children are busy with the demanding schedules of the new academic year. "The fear of the Lord is the beginning of wisdom". May God enable our children to practise a closer walk with God and be enriched by the wisdom and enlightenment from above. Let our children strive hard and rise to levels of excellence in studies.

The Church committee has appointed Sri. Christopher Ross as Internal Auditor. Sri. Manoj Kumar Ebenezer and Sri. Zaem Enock have been appointed as Sub-Editor and Circulation Manager of Church Voice respectively. Steps are envisaged to obtain postal concession for our monthly newsletter.

City Mission has initiated to obtain permission for construction of a hall at Kothalam Mission field. In order to extend charity more extensively, it had been decided to make pulpit announcement seeking requests for marriage aid, medical aid and poor aid from Church members.

**Extension of Medical Aid:**

- Rs.5,000/- was sanctioned to our Sexton Mr. Sivanandan (for hospitalisation expenses)

- Rs.10,000/- was sanctioned to our Church member Mrs. Dhakshayani Damodaran (to be disbursed in 5 instalments).

- Rs.1,722/- was sanctioned to our Parish Assistant Mr. Wilson.

Manikanteswaram Mission field : An amount of Rs.2,50,000/- was granted for completion of the construction of Church building at City Mission field,

Manikanteswaram which is awaiting dedication shortly. Rs.8,283/- was granted being the additional expenses towards the conduct of VBS in this mission field.

**The Ward allocations of Deacons for 2014-2015 is as follows:**

Dr. Arthur Jacob J. - Muttada
Prof. Mrs. Charlet Bai - Ambalamukku
Sri. Y. Christudas - Nanthencode
Sri. T. Jayakumar Alfred - Vazhuthacaud
Dr. S.G. Churchin Ben- Palayam
Dr. Christenson E. Sarasam - Kowdiar
Adv. Sarjine Thomas - Edapazhanji
Er. Joshidas Y.S. - Pattom
Sri. R. Sajan Samson - Ulloor
Mrs. Pushpa Madan - Charachira
Dr. S. Satheesh - Statue
Dr. John Sajit Edwin - Thycaud

Church members may kindly be in touch with your Ward Deacons for immediate help and continued fellowship.

**Our Church sub-organisations and Pastors in Charge are detailed below:**

| | |
|---|---|
| CEYF | - Rev. C.R.Vincent & Rev. Sunin Spenzer |
| Sunday School | - Rev. Sunin Spenzer |
| YFF | - Rev.T. Selvarajan |
| Women's Fellowship | - Mrs. J.S. Valsa Selestin Kochamma |
| SCF | - Rev. T. Selvarajan |
| JCF & BCL Union | - Rev. Sunin Spenzer |

In addition to our Youth Deacons, Dr. Arthur Jacob J and Dr. S. Satheesh are nominated as Deacon representatives to Young Family Fellowship.

The first death anniversary of our former Moderator & Bishop SKD, Most Rev. Dr. I. Jesudasan falls on 16th June, 2014. A memorial prayer meeting is organised by the South Kerala Diocese at the MM Church Cemetery Chapel at 8.30 am on that day. Church members are requested to kindly participate.

Our communicant members are earnestly requested to attend the meeting of the **Church General Body** to discuss and pass the Budget proposals for 2014-2015.

Yours in His Blessed fold,

**Dr. Christenson E. Sarasam**
Church Secretary

# ആരാധന - ജനങ്ങളുടെ വിശ്വാസത്തിന്റെ ആഘോഷം

റവ. ഡോ. വർഗ്ഗീസ് റ്റി. ലീ

**വേദഭാഗം: യെശയ്യ.6:1-8, യോഹ.4:16-26**

1938-ൽ താംബരത്ത് വച്ചുനടന്ന അഖിലലോക മിഷണറി സമ്മേളനത്തിന് ശേഷം സ്വീകരിച്ച പല്ലവരികളിൽ ഒന്ന്, 'ആരാധിക്കുന്ന സഭ ജീവനുള്ള സഭ' എന്നായിരുന്നു. ദൈവത്തെ ക്രിസ്തുവിൽ കൂടെയും പരിശുദ്ധാത്മാവിന്റെ സഹായത്തോട് കൂടി ആരാധിക്കുന്നത് സഭയുടെ പ്രധാന ചുമതലയും പദവിയും വിശ്വാസത്തിന്റെ പ്രതിഫലനവും ആകുന്നു. സഭയുടെ നിലനിൽപ്പിനും, വളർച്ചയ്ക്കും, വർദ്ധനവിനും, ദൗത്യനിർവ്വഹണത്തിനും ദൈവാരാധന അത്യന്താപേക്ഷിതമാണ്. ആദിമസഭയുടെ ജീവിതശൈലി ആരാധന, കൂട്ടായ്മ, അപ്പംനുറുക്കൽ മുതലായവയായിരുന്നു (അപ്പോ.പ്രവൃ.2:42). ആരാധന ആത്മാവിന്റെ അർപ്പണമാണ്. മുഴുവൻ ആളത്വവും (ദേഹം, ദേഹി, ആത്മാവ്) പങ്കുചേരുന്ന അനുഭവമാണ് ആരാധന. എങ്കിൽ മാത്രമേ ആരാധന അർത്ഥപൂർണ്ണമാകുകയുള്ളൂ.

ആരാധന എന്ന പദത്തിന്റെ അർത്ഥം മൂലഭാഷയിൽ (ഗ്രീക്ക്) 'ചുംബിക്കുക', 'കവിണ്ണു വീണ് ചുംബിക്കുക', 'ആദരവ് പ്രകടിപ്പിക്കുക', 'മാനം കൊടുക്കുക' എന്നൊക്കെയാണ്. ദൈവത്തിന് എത്രമാത്രം ബഹുമാനത്തിനും സ്തോത്രത്തിനും സ്തുതിക്കും അർഹതയുണ്ടോ അത്രമാത്രം കൊടുക്കുന്നതാണ് ആരാധന. ദൈവാരാധനയും വിശ്വാസവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. ആരാധനയിലെ ലിത്താനികളും, പാട്ടുകളും, പ്രാർത്ഥനകളും, സാക്രമെന്തുകളും, വിശ്വാസത്തെ പ്രകടിപ്പിക്കുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. നമസ്ക്കരിക്കുന്നതും, ദൈവശബ്ദം കേൾക്കുന്നതും, കാഴ്ചകൾ അർപ്പിക്കുന്നതും, എല്ലാ വിശ്വാസികളുടെയും ആരാധനയിലെ പ്രധാനഘടകങ്ങളാണ്. അതുപോലെ ക്രിസ്തീയ ആരാധനയിൽ സഭ ക്രിസ്തുവിന്റെ ജീവിതത്തിന്റെ നിർണ്ണായകഘടകങ്ങളെ (ജനനം, വളർച്ച, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മദാനം, രണ്ടാംവരവ്) സ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. യെശയ്യാ പ്രവാചകനുണ്ടായ ദർശനം (യെശയ്യ.6:1-8) ആരാധനയെക്കുറിച്ചുള്ള യേശുവിന്റെ പഠിപ്പിക്കൽ (യോഹ.4:16-26) എന്നിവ ആരാധനയുടെ അർത്ഥവും മഹത്വവും വെളിപ്പെടുത്തുന്നു. യെശയ്യാവിനുണ്ടായ ദർശനം ആരാധനയുടെ ചില അർത്ഥതലങ്ങൾ വ്യക്തമാക്കുന്നു.

യഹൂദയിൽ ഭരണം നടത്തിയ ഉത്തമരായ രാജാക്കന്മാരിൽ ഒരുവനായിരുന്നു ഉസീയാവ്. അനേക വികസനപ്രവർത്തനങ്ങൾ അദ്ദേഹം രാജ്യത്തിനുള്ളിൽ നടപ്പാക്കിയിരുന്നു. എങ്കിലും ഉസീയാവ് നിഗളിച്ചു. പുരോഹിതന്മാർക്ക് മാത്രം അവകാശപ്പെട്ട ധൂപം കാട്ടുന്ന ശുശ്രൂഷ തന്നെത്താൻ നിർവ്വഹിച്ചതിനാൽ ദൈവശിക്ഷയായി കുഷ്ഠരോഗം ബാധിച്ചു. ശിഷ്ടായുസ്സ് മുഴുവൻ കുഷ്ഠരോഗിയായി കഴിഞ്ഞതിനാൽ തന്റെ മകനായ യോഥാമാണ് മേൽവിചാരകനായി ഭരണം നിർവ്വഹിച്ചത് (2 ദിന.26:21). ഉസീയാവ് മരിച്ച ആണ്ടിൽ യുവാ

വായ യെശയ്യാവ് രാജ്യത്തിന്റെ അവസ്ഥയെ ഓർത്തും തന്റെ ജനത്തിന്റെ അവസ്ഥയെക്കുറിച്ചും ചിന്തിച്ച് ഭാരപ്പെട്ട് ദേവാലയത്തിൽ ഇരിക്കുമ്പോഴാണ് തനിക്ക് ദൈവദർശനവും ദൈവവിളിയും നിയോഗവും സമർപ്പണവും ഉണ്ടാകുന്നത്. പ്രവാചകന് ഉണ്ടായ അനുഭവത്തിൽ നിന്നും 'ആരാധനയുടെ ചില സവിശേഷതകൾ' നമുക്ക് പഠിക്കുവാനും അനുഭവമാക്കുവാനും കഴിയും.

**1. മഹത്വദർശനം**

ഇവിടെ യെശയ്യാ പ്രവാചകൻ ദൈവത്തിന്റെ മഹത്വത്തെയും വിശുദ്ധിയെയും ദർശിക്കുന്നു. ഇത് ഒരു സ്വർഗ്ഗീയ ദർശനം ആയിരുന്നു. ദൈവത്തിന്റെ മഹത്വവും, വിശുദ്ധിയും വെളിവാക്കുന്ന പലകാര്യങ്ങൾ ഈ വേദഭാഗം ചൂണ്ടിക്കാണിക്കുന്നു. ഉയർന്നും, പൊങ്ങിയുമുള്ള സിംഹാസനം, വെണ്മയേറിയ വസ്ത്രം, സാറാഫുകൾ മുതലായവ അത്യുന്നതനായ ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. 'സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ ... പരിശുദ്ധൻ ... പരിശുദ്ധൻ, സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു' എന്നുള്ള സാറാഫുകളുടെ പ്രഖ്യാപനവും ദൈവത്തിന്റെ മഹത്വവും പരിശുദ്ധിയും വെളിപ്പെടുത്തുന്നു. ദൈവം തന്റെ ജനത്തിന്റെ സ്തുതികളിൽ അധിവസിക്കുന്നവൻ ആകുന്നു. അതുകൊണ്ട് **ആരാധനയുടെ ഒന്നാമത്തെ പടി ദൈവത്തിന്റെ മഹത്വത്തെയും വിശുദ്ധിയെയും ദർശിക്കുക എന്നുള്ളതാണ്**. നാം ആരാധിക്കുന്ന ദൈവം എങ്ങനെയുള്ളവൻ എന്ന് മനസ്സിലാക്കി ആത്മീകദർശനത്തോട് കൂടി ദൈവത്തെ ആരാധിക്കണം. ദൈവത്തെക്കുറിച്ച് പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും വെളിപ്പെടുത്തിയ എല്ലാ കാര്യങ്ങളും ഈ അന്ത്യകാലത്ത് പുത്രനായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിലൂടെയാണ് നാം ദൈവത്തിന്റെ മഹത്വത്തെ ദർശിക്കുന്നത്. ആരാധനയിൽ ശരീരവും, ആത്മാവും, മനസ്സും സജീവമായിരിക്കണം. ആരാധന അധരജൽപ്പനമല്ല, അന്തരാത്മാവിന്റെ ദൈവത്തോടുള്ള സജീവ സംസർഗ്ഗമാണ്. സ്വർഗ്ഗീയ സൈന്യങ്ങളുടെ സ്തുതികളോട് കൂടെ ബലഹീനരായ നമ്മുടെ സ്തുതികളും ഒന്നുചേരുന്ന സന്ദർഭമാണ് ആരാധന. യെശയ്യാവിനെപ്പോലെ ആരാധനയിൽ ദൈവമഹത്വം ദർശിപ്പാൻ നമുക്ക് കഴിയട്ടെ.

**2. ആത്മദർശനം**

യെശയ്യാവിനുണ്ടായ രണ്ടാമത്തെ അനുഭവമാണ് ആത്മദർശനം. ദൈവത്തിന്റെ വിശുദ്ധിയുടെ അടിസ്ഥാനത്തിൽ തന്നിലേക്ക് നോക്കുവാനുള്ള അവസരം ലഭിച്ചു. ദൈവത്തിന്റെ മഹത്വവും, വിശുദ്ധിയും ദർശിച്ചുകൊണ്ട് അവൻ പറയുകയാണ്, 'എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ' (യെശയ്യ.6:5). തന്നിലേക്ക് നോക്കുവാനും തന്റെ അശുദ്ധിയെക്കുറിച്ച് ചിന്തിക്കുന്നതിനും, അനുതപിക്കുന്നതിനും യെശയ്യാവിന് കഴിഞ്ഞു. സത്യാരാധനയുടെ രണ്ടാമത്തെ പടിയാണ് ഇവിടെ കാണുന്നത്. **തെറ്റുകൾ ഏറ്റ്പറഞ്ഞ് പശ്ചാത്തപിക്കാതെ ഒരു ആരാധനയും പൂർണ്ണമാകുന്നില്ല**. ശമര്യ സ്ത്രീയും യേശുവുമായുള്ള സംഭാഷണത്തിലും ഈ അനുഭവം വ്യക്തമാക്കുന്നു. ജീവന്റെ ജലം അവൾക്ക് നൽകുവാനായി യേശു അവളെ ഒരുക്കുന്നു. അവളുടെ ഭൂതകാല ജീവിതത്തിലേക്ക് യേശു കടന്നുചെല്ലുന്നു. അവളെക്കൊണ്ട് തന്നെ അവ

ളുടെ കഴിഞ്ഞകാല ജീവിതത്തെ പരിശോധിക്കുവാൻ പ്രേരിപ്പിക്കുന്നു. അവൾ സ്വയം കണ്ടെത്തുവാൻ ശ്രമിക്കുന്നതിലൂടെ മശിഹായെ കണ്ടെത്തുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഒരു ആത്മദർശനം അവൾക്ക് അനുഭവപ്പെട്ടു. അതിന്റെ വെളിച്ചത്തിലാണ് യേശു അവളോട് പറയുന്നത്; 'ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം' (യോഹ.4:24). ആരാധന ആത്മദർശനം നടത്തുന്നതിനും നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുന്നതിനുമുള്ള അവസരമാണ്. ആത്മദർശനത്തിലൂടെ പാപബോധം ഉണ്ടാവുകയും, ശുദ്ധീകരണം പ്രാപിക്കുകയും ചെയ്യണം.

### 3. ദൈവകൃപയുടെ ദർശനം


'സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്നും കൊടിൽകൊണ്ട് ഒരു തീക്കനൽ എടുത്ത് കൈയ്യിൽ പിടിച്ചുകൊണ്ട് പറന്നുവന്നു. അവൻ അത് എന്റെ വായ്ക്ക് തൊടുവിച്ചു; ഇതാ ഇത് നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന് പരിഹാരം വന്നിരിക്കുന്നു എന്ന് പറഞ്ഞു' (യെശയ്യ.6:6,7). തന്നെ ശുദ്ധീകരിക്കുന്ന ദൈവകൃപയുടെ അനുഭവമാണ് അവനുണ്ടായത്. ആരാധനയുടെ മൂന്നാമത്തെ പടിയാണ് ഇത്: **ശുദ്ധീകരണം പ്രാപിക്കുക.** ദൈവകൃപയാലത്രെ നാം പാപത്തിൽ വീണ്ടെടുക്കപ്പെട്ടത്. 'കൃപ' എന്ന വാക്ക് അർഹിക്കാത്തത് ലഭിക്കുന്നതിനെയാണ് കുറിക്കുന്നത്. ദൈവികക്ഷമ ലഭിക്കുന്നത് ദൈവീകകൃപയാൽ മാത്രമാണ്. പഴയനിയമത്തിൽ യാഗം അർപ്പിക്കുന്നത് മനുഷ്യനെ മരണത്തിൽ നിന്ന് മോചിപ്പിക്കുവാനാണ്. പാപം ചെയ്ത മനുഷ്യൻ മരിക്കേണ്ട സ്ഥാനത്ത് മൃഗങ്ങളെയോ, പക്ഷികളെയോ യാഗം അർപ്പിച്ച് മനുഷ്യന്റെ മരണശിക്ഷ ഒഴിവാക്കി. പുതിയ നിയമത്തിൽ മനുഷ്യൻ പാപംചെയ്ത് മരിക്കേണ്ട സ്ഥാനത്ത് ക്രിസ്തു പാപമാക്കപ്പെടുകയും നമുക്ക് വേണ്ടിമരിക്കയും ചെയ്തതു കൊണ്ട് മരണം നമ്മിൽ നിന്ന് നീക്കപ്പെട്ടു. ക്രിസ്തുവിലൂടെ ദൈവം നമുക്ക് പാപങ്ങളിൽ നിന്ന് വിടുതൽ നൽകിയിരിക്കുന്നു. ഇത് ദൈവകൃപയാണ്. ആരാധയ്ക്കായി കടന്നുവരുമ്പോൾ യെശയ്യാവിനേപ്പോലെ യഥാർത്ഥ അനുതാപത്തോട് വരണം. ദൈവകൃപയുടെ ആഴമായ ദർശനം നമുക്കുണ്ടാകണം. തകർന്ന ഹൃദയത്തോടെ ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ ദൈവകൃപയുടെ അനുഭവം നമുക്കുണ്ടാകും. 'ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല' (സങ്കീ.51:17). ഈ ദൈവകൃപ പ്രാപിപ്പാൻ ആരാധകൾ മുഖാന്തിരമായിത്തീരട്ടെ

### 4. ദൈവനിയോഗത്തെക്കുറിച്ചുള്ള ദർശനം

ദൈവസന്നിധിയിൽ ശുദ്ധീകരണം പ്രാപിച്ച് ദൈവകൃപ അനുഭവിച്ച സമയത്താണ് യെശയ്യാവ് ദൈവനിയോഗത്തിന്റെ ആഹ്വാനം കേൾക്കുന്നത്. ദൈവഹിതം തിരിച്ചറിഞ്ഞ് ദൗത്യനിർവ്വഹണത്തിനായി അവൻ തന്നെത്തന്നെ സമർപ്പിക്കുന്നു. 'അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടൂ? ആർ എനിക്ക് വേണ്ടി പോകും?' എന്ന് ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ട്: അടിയനെ അയയ്ക്കേണമേ എന്ന് ഞാൻ പറഞ്ഞു' (യെശയ്യ.6:8). ആരാധനയുടെ നാലാമത്തെ പടിയാണിത്. **ദൈവശബ്ദം കേൾക്കുക, ദൈവഹിതം അറിയുക, ദൈവനിയോഗം സ്വീകരിക്കുക എന്നിവ ആരാധനയിലൂടെ നമുക്ക് ലഭി**

**ക്കുന്ന ആത്മീയാനുഭവങ്ങളാണ്.** ഇതാണ് ബുദ്ധിയുള്ള ആരാധന എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. 'നിങ്ങൾ ബുദ്ധിയുള്ള ആരാധനകളായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും, ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാനെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടത് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ' (റോമ.12:1,2). ശരിയായ ആരാധന കേവലം വൈകാരികതയെ മാത്രം സ്പർശിക്കുന്ന ഒന്നല്ല എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. അത് ജീവിതത്തിന്റെ സമസ്ത മേഖലകളെയും രൂപാന്തരപ്പെടുത്തുന്നതാണ്. ഇവിടെ പറഞ്ഞിരിക്കുന്ന 'യാഗം' മൃഗബലി പോലെയോ, ശരീരത്തെ പീഡനത്തിനേൽപ്പിക്കുന്നതുപോലെയോ ഉള്ള ഒരു പ്രവർത്തനം അല്ല. ഇത് ജീവിതയാഥാർത്ഥ്യങ്ങളിലേക്കുള്ള ആരാധനയുടെ ഇഴുകിച്ചേരലാണ്.

ആരാധനയിലൂടെ ഒരുവന്റെ കർമ്മരംഗങ്ങൾ എല്ലാം ദൈവത്തിന് യാഗമായി സമർപ്പിക്കണം. പഠനവും, ജോലിയും, സാമൂഹിക സേവനവും എല്ലാം ആരാധനയുടെ തുടർച്ചയാണ്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ആരാധനാ ജീവിതവും, സാമൂഹിക ജീവിതവും പരസ്പരം ബന്ധപ്പെട്ടതാണ്. സത്യമായ ആരാധന എന്നത് ജീവിതവും ആരാധനയും തമ്മിലുള്ള ബന്ധമാണ്. ആരാധനയ്ക്കായി കൂടിവരികയും ശുശ്രൂഷയ്ക്കായി (ദൗത്യനിർവ്വഹണത്തിനായി) അയയ്ക്കപ്പെടുകയും ചെയ്യുന്ന നിയോഗിത സമൂഹമാണ് സഭ. നാം എവിടെയെല്ലാം പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ, അവിടെയെല്ലാം ദൈവീകദർശനത്തോടെ വിശുദ്ധീകരിക്കപ്പെട്ട ജീവിതശൈലിയിലൂടെ, സമർപ്പണത്തിലൂടെ, ദൈവത്തിന് പ്രസാദകരമായ ജീവിതം നയിക്കാം. അതിന് നമ്മുടെ ആരാധനാജീവിതം ഒരു മുഖാന്തിരമായിത്തീരട്ടെ.



# പ്രതിവാര ധ്യാനം

**ജൂൺ 2014**

ജൂൺ 01, 2014, ഒന്നാം ഞായർ
**വിഷയം: പരിശുദ്ധാത്മാവിന്റെ വാഗ്ദാനം**
യോവേ.2:28-32, സങ്കീ:42, ഗലാ.5:22-26, യോഹ.14:15-21

ജൂൺ 08, 2014, രണ്ടാം ഞായർ
**വിഷയം: പരിശുദ്ധാത്മാവേ വന്ന് സർവ്വസൃഷ്ടിയേയും പുതുക്കുക**
യെഹ.36:24-36, സങ്കീ:29, അപ്പോ.പ്ര.2:1-13, യോഹ.20:19-23


ജൂൺ 15, 2014, മൂന്നാം ഞായർ
**വിഷയം: ത്രിയേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു**
യെഹെ.1:4-28, സങ്കീ.98, 2.കൊരി.13:11-13, മത്താ.28:16-20

ജൂൺ 22, 2014, നാലാം ഞായർ
**വിഷയം: ആരാധന: ജനങ്ങളുടെ വിശ്വാസത്തിന്റെ ആഘോഷം**
യെശയ്യ.6:1-8, സങ്കീ.148, വെളി.4:1-11, യോഹ.4:16-26

ജൂൺ 29, 2014, അഞ്ചാം ഞായർ
**വിഷയം: സാക്ഷ്യമായി ശിഷ്യത്വം**
2.രാജാ.2:1-15, സങ്കീ.119:33-48, തീത്തോ.2:1-15, യോഹ.3:22-30

# The Bishop Jesudasan I knew.

Prof. J. Ross Chandran



My association with Bishop Jesudasan had been quite a long one. I knew him when he was a Church worker, a Pastor, Vice-Chairman of the Diocese, Principal of KUT Seminary, Bishop of the Diocese, Moderator of the Church of South India and a Bishop retired. He used to tell his admirers that he had dedicated his services to God quite early in his life.

His life had never been a rosy one. He lost his beloved wife quite early, when his two sons were mere boys. He continued to discharge his duties to God in full and at the same time, he became a mother and father to his sons. He gave them no chance to miss their mother.

What impressed all those, who had occasion to see him or meet him, or hear him was the peace that rested on his face and added a unique new dimension to him. That was not always. He could be emotional too and in a few moments he would regain his composure. In his presence one always felt that one was in the presence of a person who fully sympathised with one who had come to him. When I decided to become Principal of Christian College, Kattakada which was facing certain disaffiliation, he was one of the few who wanted me to take up the challenge. I now very well appreciate his foresight.

It was while he was Principal of KUT Seminary he did monumental work in establishing the real greatness and importance of Mosa Walsalam Sastriar. The library dedicated to the works of Sastriar in KUT Seminary is Bishop Jesudasan's handiwork. What he did to illustrate the greatness of Sastriar was later taken up by Bishop Amritam and Bishop Gladstone.

The Bishop's chair fell vacant with the sudden demise of Bishop William Vachalam. When the selection of a new Bishop was in the nomination stage I sought Rev. Jesudasan's permission to nominate him. He said 'Let God's will be done, you can nominate me.' I had the pleasure of being one of those who nominated him. God's will was done. He became Bishop of the South Kerala Diocese. During his tenure the diocese had a phenomenal growth. As Bishop, he was the Chairman of the Christian College Governing Board. It was during his tenure that the college attained its present envious stature. Bishop Jesudasan was twice elected Moderator of the Church of South India. How he presided over the CSI Synod and nursed the different Dioceses is now history.

Groups have been very active in the history of the Diocese too. But what was remarkable in Bishop Jesudasan was, he never took sides, and conducted the proceedings of every council and committee in the most democratic way. His prayers, devotion and selfless commitment have been at the root of his unique success as Bishop and as Moderator.

My retirement as Principal of Christian College coincided almost with the retirement of Bishop Jesudasan and installation of the new Bishop Dr. Samuel Amritam. I had the privilege of bidding farewell to Bishop Jesudasan and of welcoming Bishop Amritam.

During the retirement years too, Bishop Jesudasan inspite of physical ailments, continued to do God's work. His passing away was mourned by the whole Diocese and the whole of the Church of South India and by all the sister Churches of all denominations.

I was one of the tens of thousands who paid their homages to the late Bishop as his body lay in state in the TJM Hall. The peace that passes all human understanding prevailed over the still face and I felt like whispering 'Dear Bishop, you will be remembered by what you have done.'

# യേശുദാസൻ തിരുമേനി – ഒരു അനുസ്മരണം

ഡി. ജെ. അലക്സാണ്ടർ
(ദക്ഷിണ കേരള മഹായിടവ എഞ്ചിനീയർ)

യേശുദാസൻ തിരുമേനി ദക്ഷിണകേരള മഹായിടവകയ്ക്കും ദക്ഷിണേന്ത്യ സഭയ്ക്കും നേതൃത്വം നൽകിയിരുന്ന കാലം ഒരു സുവർണ്ണ കാലമായിരുന്നു. ദക്ഷിണകേരള മഹായിടവകയുടെ മെഡിക്കൽ മിഷൻ, ചാരിറ്റബിൾ സൊസൈറ്റി, എച്ച്.എം.എസ്. എന്നിവയുടെ കർമ്മപരിപാടികളിൽ ഉൾപ്പെടുന്ന കെട്ടിടനിർമ്മാണത്തിന് തിരുമേനി എന്റെ സേവനം ആവശ്യപ്പെട്ടത് മുതലാണ് അദ്ദേഹവുമായി നേരിട്ട് ഇടപഴകാൻ എനിക്ക് അവസരമുണ്ടായത്.

1980–ലായിരുന്നു അത്. കാരക്കോണം മിഷൻ ആശുപത്രിക്ക് അന്നുണ്ടായിരുന്ന പഴയ കെട്ടിടത്തിൽ ഒരു ഔട്ട്പേഷ്യന്റ് ബ്ലോക്ക് നിർമ്മിക്കാനുള്ള ചുമതലയാണ് അദ്ദേഹം എന്നെ ആദ്യം ഏൽപ്പിച്ചത്. തുടർന്ന് ആശുപത്രിയുടെ സബ്സെന്ററുകളായ ആറയൂർ, കോട്ടുക്കോണം, വെള്ളറട എന്നിവിടങ്ങളിൽ ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണച്ചുമതലയും ഏൽപ്പിച്ചു. ഇവയ്ക്കെല്ലാം വേണ്ടി ഞാൻ തയ്യാറാക്കിയ പ്ലാൻ അദ്ദേഹം ശ്രദ്ധാപൂർവ്വം പരിശോധിച്ചതും ചില നിർദ്ദേശങ്ങളോടെ അംഗീകരിച്ച് അഭിനന്ദിച്ചതും ഞാൻ അഭിമാനത്തോടെ ഓർക്കുന്നു.

കെട്ടിടപ്പണിയുടെ ഓരോഘട്ടവും കണ്ട് ബോധ്യപ്പെടുന്നതിന് അദ്ദേഹം എന്നെയും കൂട്ടി അവിടങ്ങളിൽ സന്ദർശിച്ചിരുന്നത് എന്നിൽ കൗതുകമുണർത്തിയിരുന്നു. കാരണം, മിക്കവാറും ഔദ്യോഗികമായ തിരക്കുകളുള്ള തിരുമേനിക്ക് മറ്റൊരാളെക്കൊണ്ട് പരിശോധിപ്പിച്ച് ബോധ്യപ്പെടാം എന്നിരിക്കേ, നേരിട്ട് വന്ന് ബോധ്യപ്പെടുന്ന തിരുമേനിയുടെ ശുഷ്ക്കാന്തി എന്നെ അത്ഭുതപ്പെടുത്തി. പണികളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളോട് സ്നേഹത്തോടെ കുശലപ്രശ്നം നടത്താനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മെഡിക്കൽ മിഷന്റെ ട്രഷററായിരുന്ന പരേതനായ എഡിസൻ എ. സാരസം അവർകളുടെ സാന്നിദ്ധ്യവും സഹകരണവും നിർമ്മാണപ്രവർത്തനങ്ങളിലൂടനീളം ഉണ്ടായിരുന്ന കാര്യവും ഇത്തരുണത്തിൽ ഓർക്കുന്നു.

അമരവിള സി.എസ്.ഐ സഭയുടെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിലും ഞാൻ ഭാഗഭാക്കായിരുന്നു. ഹാളിന്റെ പ്ലാൻ, നിർമ്മാണരീതി തുടങ്ങിയ സാങ്കേതിക കാര്യങ്ങളിൽപ്പോലും തിരുമേനി ഇടപെട്ട് ഞാനുമായി ചർച്ച ചെയ്തിരുന്നു. വർഷങ്ങൾക്ക് ശേഷം കാരക്കോണം മെഡിക്കൽ കോളേജിന്റെ പണികൾ നടക്കുമ്പോൾ പോലും അദ്ദേഹത്തിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തേടി പലപ്പോഴും അമരവിളയിലെ അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ എത്തിയിരുന്നു. തിരുമേനിയുടെ 80–ാം പിറന്നാളിന് ആശംസകൾ നേരാൻ പ്രൊഫ. ജെ.എം. സ്റ്റുവർട്ട്

# CASHEW NUT - THE KING OF NUTS

Dr. Thilaga Samson



Cashew nuts are a popular snack and food source. Cashews, unlike other tree nuts, contain starch to about 10% of their weight. This makes them more effective than other nuts in thickening water - based dishes such as soups, kurumas, meat stews, and some Indian milk based desserts like kajiburfan.

**Nutrition:** The fats and oils in cashew nut are 54% monounsaturated fat; 18% poly unsaturated fat and 16% saturated fat (9% palmitic acid and 7% stearic acid).

Cashew nuts, as with other tree nuts are a good source of anti-oxidants. Alkyl phenoles in particular are abundant in cashews. Cashews are also a source of dietry trace, minerals, copper, manganese, magnesium and phosphorous.

Since cashew nuts have 18% polyunsaturated fatty acid, anit-oxidants and the presence of above dietry trace minerals, it can be consumed in moderate qualities.

അവർകൾക്കൊപ്പം അമരവിളയിലെ വീട്ടിലെത്തി അദ്ദേഹത്തോടൊപ്പം ചെലവിട്ട നിമിഷങ്ങൾ എനിക്ക് മറക്കാനാവാത്ത അനുഭവമാണ്.

അമരവിളയിൽ തിരുമേനി താമസിച്ചിരുന്നതും മഹായിടവകയ്ക്ക് വിട്ടുനൽകിയതുമായ സ്ഥലത്ത് നിർമ്മിക്കുവാൻ പോകുന്ന സെന്റ് ലൂക്സ് ചർച്ചിന്റെ നിർമ്മാണത്തിലും ചുമതലവഹിക്കാൻ എനിക്കിടയായത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. തമ്മിൽ കാണുമ്പോഴെല്ലാം പിതൃസഹജമായ വാത്സല്യത്തോടെ ‘എന്താ എഞ്ചിനീയർ’ എന്ന് സംബോധന ചെയ്ത് കുശലം പറയുന്ന തിരുമേനി ഓർമ്മയിൽ ഇന്നും ജ്വലിച്ചു നിൽക്കുന്നു. തിരുമേനി നമ്മെ വിട്ടുപിരിഞ്ഞ് ഒരു വർഷം പിന്നിടുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ ദീപ്തസ്മരണയിൽ ഞാൻ ശിരസ്സ്വണങ്ങി പ്രാർത്ഥനകളർപ്പിക്കുന്നു.

# പുതിയ സ്കൂൾ വർഷം - മറവിയും മടിയും

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

ചൂടേറിയ പഠനത്തിന്റെയും ഉത്തരവാദിത്ത്വങ്ങളുടെയും ഒരു പുതിയ സ്കൂൾ വർഷം കൂടി സമാഗതമായിരിക്കുന്നു.

വിദ്യാർത്ഥികൾ മൂന്നു തരക്കാരാണ്.

1) കണ്ടു മനസ്സിലാക്കുന്നവർ
2) കേട്ടു മനസ്സിലാക്കുന്നവർ
3) അനുഭവിച്ചറിയുന്നവർ

കണ്ടു മനസ്സിലാക്കന്നുവർ തങ്ങൾക്ക് ലഭിക്കുന്ന അറിവകളെ ചിത്രങ്ങളുടെ രൂപത്തിൽ മനസ്സിൽ സൂക്ഷിക്കുന്നു. കമ്പ്യൂട്ടർ, വീഡിയോ ഗെയിം എന്നിവയിൽ ഇക്കൂട്ടർക്ക് താൽപ്പര്യമേറും. കേട്ടു മനസ്സിലാക്കുന്നവർ ക്ലാസ് മുറിയിലും പുറത്തും നിന്നും ലഭിക്കുന്ന അറിവുകളെ വാക്കുകളുടെയും ശബ്ദങ്ങളുടെയും രൂപത്തിൽ മനസ്സിൽ സൂക്ഷിക്കുകയാണ് പതിവ്. ശൈശവ കാലത്ത് ഇക്കൂട്ടർ വളരെ നേരത്തെ സംസാരിച്ചു തുടങ്ങും, ശബ്ദങ്ങൾ അനുകരിക്കുന്നതിനും, നേഴ്സറി റൈമുകൾ, പദ്യഭാഗങ്ങൾ എന്നിവ ഈണത്തിൽ ചൊല്ലുന്നതിനും ഇക്കൂട്ടർ സമർത്ഥരായിരിക്കും. അനുഭവിച്ചറിയുന്ന കുട്ടികൾ പൊതുവേ ബഹളക്കാരായിരിക്കും. ഓടാനും ചാടാനും ചക്രങ്ങൾ ഉള്ള വാഹനങ്ങൾ ഓടിക്കാനും ഇവർക്ക് താൽപര്യം കൂടുതലായിരിക്കും. ഇവർ സ്പോർട്ട്സിൽ നന്നായി ശോഭിക്കും. പക്ഷെ പഠനത്തിൽ ഇവർക്ക് ഏകാഗ്രത കുറവായിരിക്കും. ഇക്കാരണത്താൽ മാതാപിതാക്കൾ ഇക്കൂട്ടരെ പ്രത്യേകം ശ്രദ്ധിക്കേണ്ടതായി വരും.

തങ്ങളുടെ മക്കൾ ഇതിൽ ഏതു വിഭാഗത്തിൽപ്പെടുന്നുവെന്ന് മാതാപിതാക്കൾ ആദ്യമായി മനസ്സിലാക്കുക. ഒരു തരക്കാരിൽ മറ്റു രണ്ടു കഴിവുകൾ കൂടി വളർത്തി എടുത്താൽ അവരെ ഉത്തമ വിദ്യാർത്ഥികൾ ആക്കി തീർക്കാൻ കഴിയും. ഇതിന് തടസ്സമായി നിൽക്കുന്ന രണ്ടു ഘടകങ്ങളാണ് മറവിയും മടിയും.

**എന്താണ് മറവി?**

നമ്മുടെ തലച്ചോറിന്റെ കഴിവ് നാം സങ്കൽപ്പിക്കുന്നതിനെക്കാൾ വളരെ വലുതാണ്. **തലച്ചോറിൽ നാം ശേഖരിച്ചു വച്ചിട്ടുള്ള വിവരങ്ങൾ തക്കസമയത്ത് ശരിയായ രീതിയിൽ പുറത്തെടുക്കുന്നതിനുള്ള കഴിവിനെയാണ് ഓർമ്മശക്തി എന്ന് പറയുന്നത്.** ഇത് കാര്യക്ഷമമാകണമെങ്കിൽ പുസ്തകം വായിക്കുമ്പോഴും ക്ലാസ്സിൽ അദ്ധ്യാപകർ പഠിപ്പിക്കുമ്പോഴും കേഴ്വി, കാഴ്ച, അനുഭവം എന്നിവയിലൂടെ ലഭിക്കുന്ന അറിവുകൾ മനസ്സിൽ പതിയണം, അവയെ മനസ്സിൽ സൂക്ഷിക്കണം, പരീക്ഷയിലെ ചോദ്യങ്ങൾക്ക് ശരിയായി ഉത്തരമെഴുതാൻ കഴിയുകയും വേണം. "പഠിച്ചതൊക്കെ മറന്നു പോയി" പരീക്ഷ കഴിഞ്ഞ് വീട്ടിലെത്തുന്ന കുട്ടികൾ സ്ഥിരമായി ഉരുവിടുന്ന പല്ലവിയാണിത്. (ഇക്കൂട്ടർ വീട്ടിൽ വെറുതേ ഇരിക്കുമ്പോൾ മറന്നുപോയ കാര്യങ്ങൾ വീണ്ടും ഓർമ്മയിൽ ഓടി എത്തുകയും ചെയ്യും).

**കുട്ടികൾ മടി കാട്ടുന്നതെന്തു കൊണ്ട്?**

**സുഖകരമായ ഒരു സാഹചര്യത്തിൽ നിന്നും അത്ര സുഖകരമല്ലാത്ത മറ്റൊരു സാഹചര്യത്തിലേക്ക് പോകുന്നതിനെതിരെയുള്ള മനസ്സിന്റെ ചെറുത്ത് നിൽപ്പാണ് മടി.** പ്രീസ്കൂളിൽ പോകുന്ന കുട്ടികൾ അവധിക്കാലത്ത് കുസൃതി കാട്ടുമ്പോൾ "സ്കൂൾ തുറക്കട്ടെ നീ പാഠം പഠിച്ചു കൊള്ളും" എന്ന രീതിയിൽ മാതാപിതാക്കൾ സംസാരിക്കാറുണ്ട്. ഈ പ്രസ്താവന കുട്ടികളുടെ മനസ്സിൽ സ്കൂളിനെപ്പറ്റിയും അദ്ധ്യാപകരെക്കുറിച്ചും ഉള്ള ഭീതി നിറയ്ക്കുന്നു. ഈ ഭീതി നിസ്സാരമോ ഗുരുതരമോ ആകാം. ഈ പേടിയോടൊപ്പം പുതിയ അദ്ധ്യയനവർഷത്തിൽ ആദ്യ നാളുകളിൽ മാതാപിതാക്കളെയും സഹോദരങ്ങളെയും പിരിഞ്ഞിരിക്കുന്നതിനുള്ള വൈമനസ്യവും (സെപ്പറേഷൻ ആങ്സൈറ്റി) ഒത്തു ചേരുമ്പോൾ അത് സ്കൂൾ ഫോബിയ ആയി മാറുകയാണ് പതിവ്. ദിവസേന സ്കൂളിൽ പോകുന്നതിനുള്ള സമയമാകുമ്പോൾ തലവേദന, വയറുവേദന മുതലായ രോഗങ്ങൾ അഭിനയിക്കുക, പല പ്രാവശ്യം ടോയ്‌ലറ്റിൽ പോകുക, നഖം കടിക്കുന്ന ദു:ശ്ശീലം വിട്ടുമാറാതിരിക്കുക, പരീക്ഷാ പേടി കാട്ടുക എന്നിങ്ങനെ അനേകം ദു:ശ്ശീലങ്ങൾക്ക് കാരണം മടിയാണ്.

ചില പഠനവൈകല്യങ്ങൾ (ഉദാഹരണമായി അക്ഷരങ്ങൾ പരസ്പരം മാറിപ്പോവുക), പഠിക്കാനുള്ള ക്ഷമ ഇല്ലായ്മ എന്നിവ മടി എന്ന മാനസികാവസ്ഥയിലേക്ക് കുട്ടികളെ എത്തിയ്ക്കാറുണ്ട്. ഇവിടെ മാതാപിതാക്കളും അദ്ധ്യാപകരും ഒരുമിച്ച് പ്രവർത്തിക്കേണ്ടി വരുന്ന സാഹചര്യം പോലും ഉണ്ടായേക്കാം.

**ഓർമ്മശക്തി കാര്യക്ഷമമാക്കുന്നതിനും മടി ഒഴിവാക്കുന്നതിനും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.**

ശാരീരിക വ്യായാമത്തിലൂടെ, ശാരീരികക്ഷമത മെച്ചപ്പെടുത്തുന്നതിലൂടെ, മെന്റൽ എക്സർസൈസിലൂടെ തലച്ചോറിന്റെ കഴിവ് മെച്ചപ്പെടുത്താം. പഠിച്ചു കഴിഞ്ഞ പാഠങ്ങൾ വിശ്രമവേളകളിൽ ഓർമ്മിക്കാൻ ശ്രമിക്കുക എന്നത് ഒരു നല്ല മാനസിക വ്യായാമമാണ്.

ചുറുചുറുക്കുള്ള ജീവിതശൈലി സ്വീകരിച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ തലച്ചോറിലെ കോശങ്ങൾ വളരെ സജീവമായിരിക്കും. ഇക്കൂട്ടർക്ക് തങ്ങൾ ഒരിക്കൽ പഠിച്ച പാഠങ്ങൾ ഓർമ്മിച്ചെടുക്കുന്നതിന് വലിയ പ്രയാസം അനുഭവപ്പെടുകയില്ല.

പോഷകാഹാരം തലച്ചോറിന്റെ പ്രവർത്തനക്ഷമതയെ ഉത്തേജിപ്പിക്കുന്നതിന് അത്യാവശ്യമായതിനാൽ സമീകൃതാഹാരം കൃത്യസമയത്ത് കഴിക്കുന്നതിന് കുട്ടികൾ ശ്രദ്ധിക്കുക. കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണം ആവർത്തന വിരസത ഇല്ലാതെ വൈവിദ്ധ്യമാർന്ന രുചികളിൽ പാകം ചെയ്ത് മക്കൾക്ക് നൽകുക എന്നത് അമ്മമാരുടെ കടമയാണ്.

മാനസിക സമ്മർദ്ദം ഒരു വില്ലനാണ്. മനസ്സിന് പിരിമുറുക്കം അനുഭവപ്പെടുമ്പോൾ ശരീരത്തിൽ അഡ്രിനാലിൻ എന്ന ഹോർമോൺ ഉല്പാദിപ്പിക്കപ്പെടുന്നു, ഇത് ഓർമ്മശക്തിയെ മന്ദീഭവിപ്പിക്കുന്നു. അതിനാൽ കൂട്ടുകാരുമൊത്ത് കുറച്ച് സമയം കളിക്കുന്നതിന് ചെലവഴിക്കുക; മാനസിക സമ്മർദ്ദം കുറയും.

പദപ്രശ്നം, കടങ്കഥകൾ, കണക്കിലെ കളികൾ, കുസൃതി ചോദ്യങ്ങൾ

തുടങ്ങിയ ലോജിക്കൽ പസിൽസ് ശീലമാക്കുന്ന വിദ്യാർത്ഥികളുടെ ഓർമ്മശക്തിയുടെ നിലവാരം ഉയർന്നതായിരിക്കും.

ചരിത്രം പഠിക്കുന്ന കുട്ടികൾ അതിലെ കഥാപാത്രം താനാണെന്ന് സങ്കൽപ്പിച്ച് താൻ ഏതെല്ലാം കാര്യങ്ങൾ തന്റെ പ്രവർത്തന പരിധിയിൽ കൊണ്ടു വന്നു എന്ന് ഓർമ്മിക്കാൻ ശ്രമിക്കുക. ഉദാഹരണമായി ശ്രീരംഗ പട്ടണത്തിലെ ടിപ്പു സുൽത്താൻ താനാണെന്ന് സങ്കൽപ്പിച്ചുകൊണ്ട് താൻ ചെയ്ത കാര്യങ്ങൾ ഓർമ്മിക്കാൻ ശ്രമിക്കുക.

**മാതാപിതാക്കൾ ചെലവാക്കേണ്ടത് സമയമാണ്, പണമല്ല**

